(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വ്യവസ്ഥ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) സംസ്ഥാനത്തെ ഗവ. മേഖലയിലുള്ള ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവർക്ക് ചികിത്സയെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ രേഖാമൂലമായി അറിയിക്കുന്നപക്ഷം അന്വേഷണം നടത്തി പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ വകുപ്പ് തലവൻമാരെയും ആശുപത്രി സൂപ്രണ്ടിനെയും അധികാരപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) പരിശോധിക്കുന്നതാണ്.

എൽ. എൻ. ജി. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

*8 [390] *ശ്രീ. രാജു എബ്രഹാം:*
,, *എ. സി. മൊയ്തീൻ:*
,, *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവീകൃത പ്രകൃതിവാതക (എൽ. എൻ. ജി.) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ടെർമിനൽ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഏതെല്ലാം കമ്പനികളാണ് അനുമതി വാങ്ങിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) എൽ. എൻ. ജി. പദ്ധതി സ്ഥാപിക്കുന്ന പെട്രോനെറ്റ് എൽ. എൻ. ജി. ലിമിറ്റഡ് അതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെർമിനൽ നിർമാണത്തിനുവേണ്ടിയുള്ള സാധനങ്ങൾ നൽകി പണി പൂർത്തിയാക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനായി ഇ.പി.സി. കരാറുകാരെ തെരഞ്ഞെടുക്കുന്നതിനുള്ള ആഗോള ടെൻഡർ ക്ഷണിച്ചുകഴിഞ്ഞു. ഖത്തറിൽ നിന്നും ആവശ്യമുള്ളത്ര അളവ് പ്രകൃതി വാതകം ഇറക്കുമതി ചെയ്യുന്നതിനുള്ള ധാരണ ആയിട്ടുണ്ട്.

(ബി) എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പെട്രോനെറ്റ് എൽ. എൻ. ജി. ലിമിറ്റഡ് കമ്പനിക്കാണ് പദ്ധതി പ്രമോട്ടു ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്.

(ഡി) ഇപ്പോൾ നിർമ്മാണം ആരംഭിച്ചാൽ ഏതാണ്ട് 2008 ആകുമ്പോഴേക്ക് പൂർത്തിയാക്കുവാനാകും.

(ഇ) കേന്ദ്ര സർക്കാരിന്റെ പെട്രോളിയം സെക്രട്ടറി ചെയർമാനായിട്ടുള്ള പെട്രോനെറ്റ് എൽ. എൻ. ജി. ലിമിറ്റഡിന്റെ ബോർഡ് ആണ് കൊച്ചിയിലെ എൽ. എൻ. ജി. ടെർമിനൽ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തത്.

പ്രസ്തുത പെട്രോനെറ്റ് എൽ. എൻ. ജി. കമ്പനി ഇതുവരെ നടത്തിയിട്ടുള്ള കാര്യങ്ങൾ താഴെപ്പറയുന്നു:

1. ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ട എല്ലാ പഠനങ്ങളും വിശദമായ സാദ്ധ്യതാ റിപ്പോർട്ടും തയ്യാറാക്കി.

2. കൊച്ചി തുറമുഖ ട്രസ്റ്റിൽ നിന്നും 40 ഹെക്ടർ ഭൂമി ടെർമിനലിനായി ലഭ്യമാക്കി.

3. കേന്ദ്ര സർക്കാരിൽ നിന്നും കേരള സർക്കാരിൽ നിന്നും പദ്ധതിക്കാവശ്യമായ അനുമതികൾ കരസ്ഥമാക്കി. പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള അനുമതിയും നേടിക്കഴിഞ്ഞു.

4. ടെർമിനൽ നിർമ്മാണത്തിനായി ഇ.പി.സി. കരാറുകാരെ തെരഞ്ഞെടുക്കുന്നതിലേക്ക് ആഗോള ടെൻഡറുകൾ ക്ഷണിച്ചു.

5. ഇതിനോടകം തന്നെ ഏകദേശം 30 കോടി രൂപ പെട്രോനെറ്റ് കമ്പനി ചെലവഴിച്ചതായിട്ടാണറിവ്.

6. കേരളത്തിലും അയൽ സംസ്ഥാനങ്ങളിലും റീഗ്യാസിഫൈഡ് എൽ. എൻ. ജി.ക്കുള്ള ഡിമാന്റ് അറിയുന്നതിലേക്കായി ഫെഡോ (FEDO) യെക്കൊണ്ട് പഠനം നടത്തിച്ചു.

7. പദ്ധതിക്കാവശ്യമായ വാതകം ഖത്തറിൽ നിന്നും ലഭ്യമാക്കുന്നതിന് കമ്പനി നടപടി സ്വീകരിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ (ഗെയ്ൽ) 14 പ്രധാന ഉപഭോക്താക്കളുമായി ധാരണാപത്രങ്ങൾ (ഹെഡ്/ഓഫ് എഗ്രിമെന്റ്) ഒപ്പുവയ്ക്കുകയും ചെയ്തു.

ആദിവാസി ബാലികാ-ബാലന്മാരെ പണയപ്പെടുത്തുന്ന സംഭവം

*9 [391] *ശ്രീ. ജോർജ് ജെ. മാത്യു:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *സി. പി. മുഹമ്മദ്:*
,, *എം. മുരളി:*
,, *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ബാലികാ-ബാലന്മാരെ പണയപ്പെടുത്തുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം എത്ര സംഭവങ്ങൾ ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്;

(സി) ഇതേക്കുറിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള പ്രവർത്തികൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രണ്ടു സംഭവങ്ങൾ.

(സി) അന്വേഷിച്ചിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് രണ്ടു കുട്ടികളെ അട്ടപ്പാടി ഐ.ടി.ഡി. പ്രോജക്ട് ആഫീസർ മോചിപ്പിക്കുകയും ഇവരെ ഷോളയൂരിലെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലിൽ താമസിപ്പിച്ച് പഠിപ്പിക്കുന്നതിനുവേണ്ട സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള സംഭവം ശ്രദ്ധയിൽപ്പെട്ടാൽ സത്വരമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly